# സാഹിത്യവും
# പുരുഷാൎത്ഥവും.

SRI KRISHNAVILASAM READING ROOM

BY

**AN ORIENTALIST.**

PUBLISHED BY

**J. S. SHENOI.**

*All rights reserved.*

Copies 1000.

**Sri Rama Vilas Press,**
**QUILON.**

Price 4 chs.

1777
9.115

# സാഹിത്യവും പുരുഷാർത്ഥവും.

സംസ്കൃതം ഇതരകലാസഹസ്രങ്ങൾകൊണ്ട് എന്നപോലെ സാഹിത്യംകൊണ്ടും അന്യഭാഷകളെ അതിശയിക്കുന്നു എന്നുള്ളതു സർവ്വസമ്മതമായ ഒരു വാസ്തവമാകുന്നു. ഒരു സാഹിത്യത്തിന് ഉൽക്കർഷത്തിന്റെ പാരമ്യത്തെ പ്രാപിക്കണമെങ്കിൽ ഏതെല്ലാം യോഗ്യതകൾ ഉണ്ടായിരിക്കണമോ അവയെല്ലാം സംസ്കൃതത്തിനു തികഞ്ഞിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. അനുപമവും ഗംഭീരതാഭരിതവും ആയ ശബ്ദശാസ്ത്രത്തിന്റേയും അസംഖ്യങ്ങളും ബഹുമുഖങ്ങളും ആയ നിഘണ്ടുക്കളുടേയും സുസ്ഥിതികൊണ്ടു സംസ്കൃതത്തിന് എന്നപോലെ ആകൃതിക്കും പ്രകൃതിയ്ക്കും അത്രമാത്രം സൌന്ദര്യവും പ്രൌഢിയും സംസ്കാരശുദ്ധിയും മറെറാരുഭാഷയ്ക്കും ലഭിക്കുവാൻ ഇടയായിട്ടില്ല. ഇതര സമുദായക്കാർക്ക് സാഹിത്യം ഉദയോന്മുഖമാകുന്നതിനു മുൻപുതന്നെ ഇവിടെ അന്യകലകൾക്കെന്നപോലെ സാഹിത്യത്തിനും പരമോൽക്കർഷം ലബ്ധമായിക്കഴിഞ്ഞിരിക്കുന്നു. ഏററവും പുരാതനമായ ആ കാലം ചരിത്രകാരന്മാരുടെ ദൃഷ്ടിക്കു സുപ്രാപമായ ഒന്നല്ല. പിന്നീടു ഉണ്ടായി പോഷണത്തേയും ശുദ്ധിയേയും സമ്പാദിച്ചിട്ടുള്ള സാഹിത്യങ്ങൾ

ഏറക്കുറെ എല്ലാംതന്നെ സംസ്കൃതത്തോട് അപരിമിതമായ കടപ്പാടോടുകൂടിയവയാകുന്നു. എന്നാൽ സംസ്കൃതസാഹിത്യത്തിന് ഇതരസാഹിത്യങ്ങളുമായി ഈവിധം ഒരു ബന്ധം ഉണ്ടെന്നുതോന്നുന്നില്ല ഗാംഭീര്യം, സൌന്ദര്യം, പ്രസ്ഥാനവൈവിദ്ധ്യം, പുരാതനത്വം, സ്വാദർശനിർവ്വഹണസാമർത്ഥ്യം മുതലായ ഏതു ഗുണംകൊണ്ടു നോക്കുകയാണെങ്കിലും 'സാഗരഃസാഗരോപമഃ' എന്നു ആലങ്കാരികന്മാർ പറയുന്നതുപോലെ 'സംസ്കൃതം സംസ്കൃതോപമം' എന്നുമാത്രമേ വിചാരിക്കുവാൻ തരമുള്ളു. ആഭ്യന്തരങ്ങളും സ്ഥൂലങ്ങളും ആയ സകല ധർമ്മങ്ങളുടേയും സമ്മേളനംകൊണ്ടു ശോഭിതമായ ഒരു ദേശത്തിന്റെ പ്രകൃതിഗഹനങ്ങളും സർവ്വതോമുഖങ്ങളും ആയ ശാസ്ത്രസഹസ്രങ്ങളുടെ ബാഹുല്യത്താലുള്ള ശുദ്ധിയും ദാർഢ്യവും, അനുഗൃഹീതന്മാരും വിചാരകുശലന്മാരും ധർമ്മപ്രതിപാദനപരായണന്മാരും ആയ ഋഷീശ്വരന്മാരുടെ തപശ്ചൈതന്യം, സ്വഭാവേന ഐപ്രൗഢിയും രമണീയതയും കൂടുന്നഭാഷ, ഇവയെല്ലാം ഏകത്ര സംയോജിച്ചാൽ ഉണ്ടാകാവുന്ന സൌഭാഗ്യവിശേഷമാണ് അനാദികാലം മുതല്ക്കേതന്നെ സംസ്കൃതസാഹിത്യം വഹിച്ചു പോരുന്നതു. ഈ വൈഭവം അനന്യസാധാരണമാകുന്നു. അതുകൊണ്ടു തന്നെയാണ് സംസ്കൃതം മൃതം എങ്കിലും അമൃതവും, പുരാതനമെങ്കിലും നവംനവവും, സുപ്തമെങ്കിലും പ്രബുദ്ധവും, വൃദ്ധമെങ്കിലും തരുണതാപരിണതവും ആയി പ്രകാശിക്കുന്നതു.

സംസ്കൃതസാഹിത്യത്തിന് ഈ വിധം മാഹാത്മ്യം ലഭിക്കുവാൻ പല കാരണങ്ങളുമുണ്ട്. അവയിൽ ഏററവും

പ്രധാനമായതു ഋഷിപ്രണീതം എന്നുള്ളതാണു്. ഋഷികൾ എന്ന പദത്തിനു വേദത്തെ ദർശിച്ചിട്ടുള്ളവർ എന്നർത്ഥം. ശാന്തന്മാരും ജിതേന്ദ്രിയന്മാരും ആയി വളരെക്കാലം തപസ്സുചെയ്തു രജസ്തമസ്സുകളുടെ ബന്ധത്തെ നിശ്ശേഷം നശിപ്പിച്ച മനസ്സു സത്വൈകമയമായി ഭവിച്ചിട്ടുള്ളവരും തന്മൂലം ആത്മസാക്ഷാൽക്കാരം ലഭിച്ചിട്ടുള്ളവരും ആകുന്നു ഋഷികൾ. ഇവർ സകല തത്വങ്ങളേയും 'കരബദരസമാനം' കാണുന്നു. ഈവിധം ആത്മസാക്ഷാൽക്കാരം ലഭിച്ചിട്ടുള്ള യോഗികൾ ഏതുവിഷയത്തിൽ ശ്രമിച്ചാലും അവക്കു പൂർണ്ണവിജയം ഉണ്ടാകുന്നു. ലൌകികന്മാർ രജസ്തമോബന്ധത്തോടുകൂടിയവരാണു്. അവർ 'വ്യാധിവിയോഗദുഃഖസഹിതന്മാ'രായി കാണപ്പെടുന്നു. അപ്പോൾ അവരുടെ ഏതുവിധമുള്ള പരിശ്രമത്തിലും കുററവും കുറവും ഏറക്കുറെ ഉണ്ടായിക്കൊണ്ടിരിക്കും. പ്രാപഞ്ചികന്മാരായ ലൌകികന്മാക്കും തപോവൃത്തികൊണ്ടു ബ്രഹ്മപദപ്രാപ്തിയെ സമ്പാദിച്ചവരായ യോഗികൾക്കും ഉള്ള ഈ വ്യത്യാസത്തെ നാം പ്രത്യേകം ഓർമ്മിക്കേണ്ടതായിട്ടുണ്ടു്. ഇപ്രകാരമുള്ള യോഗീശ്വരന്മാരാണു് പൌരസ്ത്യരുടെ എല്ലാകലകളുടേയും ശാസ്ത്രങ്ങളുടേയും ധമ്മത്തിൻേറയും എന്നല്ല, സർവ്വത്തിൻേറയുംതന്നെ പ്രഥമപ്രവത്തകന്മാർ. അപ്പോൾ അവരിൽതന്നെ സാഹിത്യത്തിൻേറയും പിതൃത്വം സ്ഥിതിചെയ്യുന്നു എന്നു സ്പഷ്ടമായല്ലോ. നമ്മുടെ പുരാതനങ്ങളായ തത്വശാസ്ത്രങ്ങൾ എല്ലാം സ്ഥൂലസ്വഭാവം കൊണ്ടു് എത്രമാത്രം വിഭിന്നങ്ങളായിരുന്നാലും ഒടുവിൽ പരമപുരുഷാൎത്ഥത്തിൽ ചെന്നു വിശ്രമിക്കുന്ന സംഗതിയിൽ ഉള്ളുകൊണ്ടുയോജിച്ചിരിക്കുന്നു എന്നതിനു സംശയമില്ല. പ്രഖ്യാതന്മാരായ മധുസൂ

ദനസരസ്വതി മുതലായ മഹാന്മാർ ഈ തത്വത്തെ സയുക്തികം സമർത്ഥിച്ചിട്ടുണ്ട്. ഇതരദർശനങ്ങളുടെ ഈ ആദർശംതന്നെയാണ് സാഹിത്യത്തിനും ഉള്ളതു്. അപ്പോൾ ഇതരശാസ്ത്രങ്ങളുടെ സേവനംകൊണ്ടുലഭിക്കുന്ന പരമപദപ്രാപ്തിതന്നെയാണ് സാഹിത്യസമാരാധനംകൊണ്ടും കിട്ടുന്നതെന്നു സ്പഷ്ടമായല്ലൊ. ഇതിലും ഉന്നതവും പരിശുദ്ധവും ആയ ഒരു ആദശത്തെ ഒരു സാഹിത്യത്തിനും കല്പിക്കാവുന്നതല്ല ഏതു സമുദായക്കാരുടേയും സാഹിത്യം ഉച്ച ആത്മതത്വ വിചാരസൌരഭ്യത്തോടു കൂടി പരമവികാസത്തെ പ്രാപിക്കുമ്പോൾ ഈ സ്ഥാനത്തിൽതന്നെ ചെന്നു ചേരുന്നു. അവിടെ എത്തുമ്പോൾമാത്രമേ ഏതു സാഹിത്യത്തിൻേറയും—അല്ലെങ്കിൽ ഏതുശാസ്ത്രത്തിൻേറയും ഉൽക്കഷം പൂർണ്ണമാകുകയുള്ളു. അതുവരെ അതിനു ഗതിക്കു സ്ഥാനം ഉണ്ടു്. ഈവിധമുള്ള ബ്രഹ്മപദപ്രാപ്തിയ്ക്കു് ഒരു സമുദായത്തെ സമർത്ഥമാക്കുന്നതിനുള്ള ശക്തി ഒരു സാഹിത്യത്തിനുണ്ടായിരിക്കണമെങ്കിൽ അതു ബ്രഹ്മചൈതന്യത്തിൽതന്നെ പ്രതിഷ്ഠിതമായിരിക്കണം. ഇപ്രകാരം സാഹിത്യത്തെ ബ്രഹ്മചൈതന്യത്തിൽ പ്രതിഷ്ഠിക്കുവാനുള്ള ശക്തി ഋഷികൾക്കല്ലാതെ ലഭിക്കുന്നതല്ല. എന്തെന്നാൽ അവർ മാത്രമാണ് ബ്രഹ്മത്തെ പ്രാപിച്ചിട്ടുള്ളവർ. ഭാരതീയസാഹിത്യത്തിൻെറ വൈഭവബീജം ഇവിടെയാണ് നിക്ഷിപ്തമായിരിക്കുന്നതു. പ്രപഞ്ചവഞ്ചിതന്മാരായ ലൌകികന്മാരുടെ കുററങ്ങളും കുറവുകളും അതുപോലെ അവരുടെ സാഹിത്യത്തിലും കാണും. സാധാരണജനങ്ങൾ അല്പം ആയുസ്സോടുകൂടിയവരാകുന്നു. കുറച്ചുകാലം ജീവിച്ചു പിന്നീടുമരിക്കുന്നു. അവരുടെ കൃതികളും അങ്ങനെതന്നെ ക്ഷണംപ്ര

കാശിച്ചു ഉടനെ നശിക്കുന്നു. സാധാരണ ജനങ്ങൾ പ്രപഞ്ചവ്യാപാരചപലന്മാരാണ്. ലൌകികകാൎയ്യങ്ങളെക്കുറിച്ചു വിചാരിക്കുവാൻ മാത്രമേ അവൎക്കുകഴിയുന്നുള്ളൂ. സാഹിത്യത്തിന്റെ പരമമായ ആദൎശമോ? ജഡചക്ഷുസ്സുകൾക്കു അഗോചരവും! ലൌകികന്മാരുടെ സാഹിത്യത്തിനു സാഹിത്യദൎശനത്തിന്റെ പരമാദൎശത്തെ നിൎവ്വഹിക്കാൻ ഒരുവിധത്തിലും ശക്തിയില്ലെന്നാകുന്നു ഇതിന്റെ സാരം. ഋഷികൾ ത്യാഗികളാകയാൽ ലോകക്ലേശങ്ങൾഒന്നും അവരെ തപിപ്പിക്കയില്ല. വേദത്തെ ദൎശിച്ചിട്ടുള്ളവരാകയാൽ തൽപ്രതിപാദിതമായ ധൎമ്മത്തെ സ്വസാഹിത്യത്തിൽ പ്രകാശിപ്പിക്കുവാൻ അവർ സമൎത്ഥന്മാരാണു. അവർ മരണത്തെ ജയിച്ചവരാകയാൽ അവരുടെ കൃതികൾക്കും നാശമില്ല. ലോകത്തിൽ നാശമില്ലാത്ത വസ്തു ബ്രഹ്മം ഒന്നുമാത്രമാണ്. ഏതുവസ്തുവിനെ നാശമില്ലാതാക്കുവാൻ ആഗ്രഹിക്കുന്നുവോ അതിൽ ബ്രഹ്മത്തിന്റെ ചൈതന്യം പ്രസരിപ്പിക്കേണ്ടതു് ആവശ്യമാകുന്നു. അതിനു ബ്രഹ്മസാക്ഷാൽക്കാരം സമ്പാദിച്ചിട്ടുള്ളവൎക്കേ ശക്തിയുള്ളൂ എന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഋഷിപ്രണീതങ്ങളായ ശാസ്ത്രങ്ങൾ മുതലായവ ഒരിക്കലും നാശമില്ലാതെ സ്ഥിതിചെയ്യുന്നതിനും, ലൌകികന്മാരുടെ കൃതികൾ ക്ഷണം നശിക്കുന്നതിനും ഉള്ളകാരണം ഇതുതന്നെയാകുന്നു. ഈ തത്വം വിചാരിച്ചാൽ ബ്രഹ്മജ്ഞാനികളായ ഋഷികളാൽ പ്രണീതമായ ഭാരതീയരുടെ സാഹിത്യം നാശരഹിതവും സൎവ്വശക്തവും സൎവ്വവ്യാപകവും ആയ യഥാൎത്ഥസാരസ്വതബ്രഹ്മമായി പരിലസിക്കുന്നതിൽ വിസ്മയിക്കുവാൻ ഒന്നും ഇല്ലെന്നുതെളിയും.

സത്ത്വത്യാഗികളായി കാവിവസ്ത്രമുടുത്തു് മുടിനീട്ടി നടക്കുന്ന വകക്കാർക്കു് അല്ലാതെ കവികൾക്കു ബ്രഹ്മജ്ഞാനം കൊണ്ടു് എന്താണു് പ്രയോജനം എന്നു് വിചാരിക്കാവുന്നതാണു്. കവി എന്നപദത്തിനു് 'ക്രാന്തദർശി' എന്നാണർത്ഥം. ഈ അർത്ഥം പുരാതനാചാര്യന്മാരുടെ പ്രയോഗങ്ങളിൽനിന്നുഗ്രഹിക്കാം. ചരങ്ങളും അചരങ്ങളും ആയ സർവ്വവസ്തുക്കളിലും ജഡത്തേയും, ആഭ്യന്തരമായ ചൈതന്യത്തേയും, ആശ്രയിച്ചിരിക്കുന്നവയായി ധർമ്മങ്ങൾ രണ്ടു വിധമുണ്ടു്. ഇവയിൽ ജഡധർമ്മങ്ങൾ സ്ഥൂലേന്ദ്രിയഗ്രാഹ്യങ്ങളാകുന്നു. അതിനാൽ അവയെ സാധാരണക്കാർക്കും അറിയാൻ കഴിയും. എന്നാൽ മുൻപു് പറഞ്ഞ ആഭ്യന്തരചൈതന്യത്തെ ആശ്രയിച്ചിരിക്കുന്ന ധർമ്മം അതിസൂക്ഷ്മമാകുന്നു. അതു് ഇന്ദ്രിയഗോചരമായി ബ് ഭവിക്കുന്നില്ല. ഹൃദയംകൊണ്ടുമാത്രമേ അതിനെ ഗ്രഹിക്കാൻ കഴികയുള്ളൂ. ഈവിധംഉള്ള ജഡത്തെവിട്ടു സൂക്ഷ്മാൽസൂക്ഷ്മതരമായ അന്തശ്ചൈതന്യധർമ്മത്തെ അറിയുന്നതാണു് ക്രാന്തദർശിത്വം. ഈ ക്രാന്തദർശത്വംതന്നെ കവിത്വം. കവിത്വം തന്നെ ക്രാന്തദർശിത്വവും — സർവ്വചരാചരങ്ങളിലുമുള്ള ബ്രഹ്മചൈതന്യത്തെ അറിഞ്ഞു പ്രതിപാദിക്കുന്നതിനു ക്രാന്തദർശികൾക്കു് അല്ലാതെ സാധിക്കുകയില്ല. ഈ ക്രാന്തദർശിത്വമോ? സുദീർഘകാലമായി ചെയ്തിട്ടുള്ള തപസ്സിന്റെ ഫലമായി ലഭിക്കുന്ന ബ്രഹ്മജ്ഞാനത്തിന്റെ സന്താനവുമത്രെ. തപസ്സിദ്ധികൊണ്ടു ബ്രഹ്മസാക്ഷാൽക്കാരം ലഭിച്ചിട്ടുള്ളവർക്കുമാത്രമേ കവിപദപ്രാപ്തിക്കു് അവകാശമുള്ളു എന്നു് ഇവിടെ സ്പഷ്ടമായല്ലോ. "നാനൃഷിഃകുരുതേകാവ്യം" എന്ന വാക്യവും ഇവിടെ സ്മരണീയമാണു്. ശ്രീവാ

 9 115

ത്മീകിയും ഭഗവാൻ വേദവ്യാസനും ഏററവും വലിയ തപസ്വികളാകകൊണ്ട് അത്രയും വലിയ കവികളുമായി. രാമായണം, ഭാരതം, ഭാഗവതം, യോഗവാസിഷ്ഠം മുതലായവയെപ്പോലെയുള്ള മഹാസാഹിത്യപ്രവാഹങ്ങൾ, ആവിധം സുദീർഘമായ തപസ്സുകൊണ്ടു സംസ്കൃതമായ ഹൃദയത്തിൽനിന്നുമാത്രമേ ഉത്ഭവിക്കകയുള്ളു. അധുനാതനകാലമായതോടുകൂടി തപോമഹിമയെ ആരാധിക്കുന്നതിൽ ജനങ്ങൾ അശ്രദ്ധന്മാരായിത്തുടങ്ങി. അതുതന്നെയാണ് പിന്നീടു വാത്മീകി വ്യാസന്മാരെപ്പോലെയുള്ള കവികുലപിതാമഹന്മാർ ഉണ്ടാകാതിരിക്കുവാൻ കാരണം. വ്യാസവാത്മീകിഭാസാദികളുടെ കാലത്തിൽ അതിപ്രതാപത്തോടുകൂടി വൎദ്ധിച്ചു പ്രകാശിച്ചു പിന്നീടു നാമാവശേഷമായ തപോധർമ്മവൈഭവത്തിൻെറ ചില തുച്ഛതരങ്ങളായ കണികകൾമാത്രമേ കാളിദാസമൂകക്ഷേമേന്ദ്രഹർഷാദികളിൽ കാണുന്നുള്ളു. പൂൎവ്വസാഹിത്യത്തെ പുരസ്കരിച്ചു ചൎച്ചചെയ്യുമ്പോൾ ഈ വ്യത്യാസം നവീനസാഹിത്യത്തിൽനിന്നു ഗ്രഹിക്കാവുന്നതാണ്. പരമോന്നതമായ കവിതയുടെ ഉല്പത്തി ഉൽകൃഷ്ടമായ തപസ്സിൽനിന്നുമാകുന്നു എന്നു പ്രധാനമായി മനസ്സിലാക്കണം. തപസ്സിൽനിന്നു ലഭിക്കേണ്ട ബ്രഹ്മജ്ഞാനം ഒരാൾക്കു എത്രമാത്രം ദുർല്ലഭമാകുന്നുവോ അയാളുടെ കവിതയും അത്രമാത്രം നിർജ്ജീവമാകുന്നു.

ബ്രഹ്മജ്ഞാനികൾക്കുമാത്രമേ ക്രാന്തദർശനശക്തി ലഭിക്കുകയുള്ളു എന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലൊ. ഈ അഭിപ്രായത്തെ ഉദാഹരണംകൊണ്ടു് അല്പം വിശദമാക്കുവാൻ ശ്രമിക്കാം.

മനുഷ്യരെപ്പോലെതന്നെ ചെടികൾക്കും വൃക്ഷങ്ങൾക്കും ജീവനും സുഖദുഃഖാദികളും ഉണ്ടെന്നുള്ള തത്വം ഈയിടെ പ്രഖ്യാതശാസ്ത്രകാരനായ ജഗദീശചന്ദ്രബോസ് അനുഭവപ്പെടുത്തിയപ്പോൾ വൈദേശികവിദ്വന്മണ്ഡലം വിസ്മയാകുലമായിബ്ഭവിച്ചു എന്നു നാം അറിയുന്നുണ്ടല്ലൊ. വൃക്ഷലതാദികൾക്കു ജീവനും സുഖദുഃഖാദികളും ഉണ്ടെന്നുള്ളതു ഭാരതീയശാസ്ത്രസഹസ്രങ്ങളാൽ സുസ്ഥാപിതമായ ഒരു തത്വമാണ്.

'സുഖദുഃഖയോശ്ച ഗ്രഹണാൽ ച്ഛിന്നസ്യ ച വിരോഹണാൽ
ജീവം പശ്യാമി വൃക്ഷാണാമചൈതന്യം ന വിദ്യതേ."

എന്നു മഹാഭാരതത്തിൽ കാണുന്നു. വൃക്ഷങ്ങൾക്കു ജീവനുണ്ടെന്ന് ഇതിൽനിന്ന് സ്പഷ്ടമാകുന്നു. സുഖദുഃഖഗ്രഹണശക്തിയും വൃക്ഷങ്ങൾക്കുണ്ടെന്നു ഗ്രഹിക്കാം. ശ്രോത്രനേത്രനാസികാദീന്ദ്രിയങ്ങളും സപ്തധാതുക്കളും രോഗങ്ങളും വൃക്ഷങ്ങൾക്കു ഉണ്ടെന്നു മഹാഭാരതത്തിൽ സയുക്തികം സമർത്ഥിച്ചിട്ടുണ്ട്.

"തപസാ ബഹുരൂപേണ വേഷ്ടിതഃ കർമ്മഹേതുനാ
അന്തസ്സംജ്ഞാ ഭവന്ത്യേതേ സുഖദുഃഖസമന്വിതാഃ."

എന്നുള്ള മനുസ്മൃതിയിലെ പദ്യത്തിൽനിന്ന് ഇവയ്ക്ക് അന്തഃപ്രബോധം ഉണ്ടെന്നു തെളിയുന്നു.

സ്വർഗ്ഗം ജഗാമ മൈത്രേയഃ പാരിജാതശ്ച പാദപഃ

എന്ന വിഷ്ണുപുരാണപദ്യാംശത്തിൽനിന്ന് ദിവ്യവൃക്ഷങ്ങൾ

ക്കു ചരധർമ്മങ്ങൾ ഉണ്ടെന്നു സിദ്ധമാകുന്നു. തൈത്തരീയം ഛാന്ദോഗ്യംമുതലായ ഉപനിഷത്തുകളിലും ഈ അഭിപ്രായങ്ങളെ സമർത്ഥിച്ചിട്ടുണ്ട്. സൂര്യൻ, ചന്ദ്രൻ, വായു, അഗ്നി, ഭൂമി, നക്ഷത്രങ്ങൾ, നദി, സമുദ്രം, പുരം, പർവ്വതം, സ്വർഗ്ഗം, വനം, ദിക്കു, തേജസ്സു, മരണം എന്നിവയ്ക്കും മുൻപറഞ്ഞ ധർമ്മങ്ങൾ ഉണ്ടെന്ന് തത്വശാസ്ത്രങ്ങളും പുരാണങ്ങളും ഉപദേശിക്കുന്നു. സൂര്യൻ, നദി, സമുദ്രം എന്നൊക്കെ വ്യവഹരിക്കുമ്പോൾ പുറമേ കാണുന്ന ജഡമായ വിഗ്രഹത്തെ അല്ല ഭാരതീയർ വിചാരിക്കുന്നത്. അവയിലെ അധിഷ്ഠാനദേവതകളേയാകുന്നു. നിസ്സാരമായ തൃണംമുതൽക്കുള്ള സകലവസ്തുക്കൾക്കും പുറമേകാണുന്ന ജഡത്വമല്ലാതെ ഉള്ളിൽ പരമാത്മതേജസ്സുണ്ടു്. പുരത്തിനും രാജ്യത്തിനും എന്നപോലെ ഓരോ ഗൃഹത്തിനും ഇപ്രകാരം ആത്മപുരുഷൻ ഉണ്ടു്. ഗംഗയെന്നും യമുനയെന്നും നാം പറയുന്നതു പുറമേയുള്ള വെള്ളത്തെ അധികരിച്ചല്ല. തദാശ്രിതദേവതയെ വിചാരിച്ചാകുന്നു.

"തദാ സ്ത്രീരൂപിണീ ഭൂത്വാ യമുനാ രാമമബ്രവീൽ"

എന്നു മഹാഭാരതത്തിൽ കാണുന്നു. ഇതിൽ നടന്നു യമുനാ സ്ത്രീരൂപിണിയാണെന്നു ഗ്രഹിക്കാം.

"അനർഘരത്നാഭരണാഭിരാമാ
കല്ഹാരമാലാമുരസാ വഹന്തീ
സ്വപ്നേ സമാലക്ഷ്യത തേന കാചി-
ദ്യാ മേ തുരീയേ യുവതീ നിശായാഃ"

എന്നു ഒരു സന്ദർഭത്തിൽ സുകുമാരമഹാകവി യുവതിയായ യ

മുനയെക്കുറിച്ചു വർണ്ണിച്ചിരിക്കുന്നു. ഗംഗയും ശന്തനുവുംആയുള്ള വിവാഹം പുത്രോല്പാദനംമുതലായവ മഹാഭാരതപ്രസിദ്ധങ്ങളാണല്ലൊ. ഇതുപോലെ മററുനദികളുടെ കാര്യവും ചിന്ത്യമാകുന്നു.

"അഥാർദ്ധരാത്രേസ്തിമിതപ്രദീപേ
ശയ്യാഗൃഹേ സുപ്തജനെ പ്രബുദ്ധഃ
കുശഃ പ്രവാസസ്ഥകളത്രവേഷാ-
മദൃഷ്ടപൂർവാം വനിതാമപശ്യൽ."

എന്നു കാളിദാസമഹാകവി അയോദ്ധ്യാദേവതയെ ഒരു സന്ദർഭത്തിൽ വർണ്ണിച്ചിരിക്കുന്നു.

„സ്മരതേവ സശബ്ദനൂപുരം
ചരണാനുഗ്രഹമന്യദുർല്ലഭം
അമുനാ കുസുമാശ്രുവർഷിണാ
ത്വമശോകേന സുഗാത്രി! ശോച്യസേ.

എന്നു കാളിദാസൻ ഇന്ദുമതിയുടെ മരണംനിമിത്തം അശോകത്തിനു നേരിട്ട സങ്കടത്തെ വിവരിക്കുന്നു.

„സങ്കല്പിതം പ്രഥമമേവ മയാ തവാർത്ഥേ
ഭർത്താരമാത്മസദൃശം സുകൃതൈർഗതാ ത്വം
ചൂതേന സംശ്രിതവതീ നവമാലികേയ-
മസ്യാമഹം ത്വയി ച സമ്പ്രതി വീതശോകഃ"

എന്നു ചൂതനവമാലികകളുടേയും

„മിഥുനം പരികല്പിതസ്ത്വയാ
സഹകാരഃ ഫലിനീ ച നന്വിമൌ

അവിധായ വിവാഹസൽക്രിയാ-
മനയോർഗമ്യത ഇത്യസാമ്പ്രതം.”

എന്നു സഹകാരഫലിനികളുടേയും വിവാഹവിഷയത്തെക്കുറിച്ചു കാളിദാസൻ പറയുന്നു. ഇവയിൽനിന്നൊക്കെ പ്രധാനമായി പല തത്വങ്ങളും പഠിക്കേണ്ടതുണ്ട്. ചരങ്ങളും അചരങ്ങളും ആയ സർവ്വവസ്തുക്കളിലും ബ്രഹ്മമായ 'പുരുഷനും' തദ്ധർമ്മങ്ങളും ഉണ്ട്. എല്ലാവസ്തുക്കളിലും ബ്രഹ്മചൈതന്യത്തെക്കാണുകയും, ആ തേജസ്സ് അധികമായുള്ളതിനെ ഈശ്വരനായി ഗണിക്കയുംചെയ്യുന്നതു ഭാരതീയരുടെ പതിവാണു്. ഭാരതീയർ ഹിമവാനേയുംമററും ദേവന്മാരായിട്ടാണല്ലൊ ഗണിക്കുന്നതു്-

“യദ്യദ്വിഭൂതിമൽ സത്വം ശ്രീമദൂർജ്ജിതമേവ വാ
തത്തദേവാവഗച്ഛ ത്വം മമ തേജോംശസംഭവം”

എന്നു ഗീത ഉപദേശിക്കുന്നു. സൂര്യ്യചന്ദ്രസമുദ്രാദികൾക്കു് ഈശ്വരത്വം കല്പിക്കുന്നതിനുള്ള കാരണവും ഇതുതന്നെ. വസ്തുക്കളിൽ എല്ലാം ഈവിധം 'പുരുഷ'ധർമ്മങ്ങളേയും ഈശ്വരത്വത്തേയും കാണുന്നതിനു് എല്ലാവക്കും കഴികയില്ല. വൃക്ഷലതാദികൾക്കു ജീവനും സുഖദുഃഖാദികളും ഉണ്ടെന്നുള്ളതു വാസ്തവത്തിൽ താഴ്ന്നതരത്തിലുള്ള ഒരു തത്വമാകുന്നു. ഈ തത്വം ഇനിയും വികസിക്കേണ്ടതായിട്ടുണ്ടു്. അവയ്ക്കു നമ്മെപ്പോലെ ജീവനും സുഖദുഃഖാദികളും മാത്രമല്ല, ബ്രഹ്മചര്യ്യം, ഗാർഹസ്ഥ്യം മുതലായ ആശ്രമങ്ങളും ധർമ്മങ്ങളും മററുംകൂടി ഉണ്ടെന്നു് അപ്പോൾ അനുഭവപ്പെടും.

'ചൂതേന സംശ്രിതവതീ നവമാലികേയം'

"മിഥുനം പരികല്പിതഃസ്വയാ
സഹകാരഃ ഫലിനീ ച നന്വിമൌ"

ഇത്യാദി ഭാഗങ്ങളിൽ, തത്വജ്ഞാനികളിൽ അഗ്രേസരനായ കാളിദാസർ ചൂതനവമാലികാദികളുടേയും സഹകാരഫലിനികളുടേയും വിവാഹവിചാരവ്യാജേന മുൻപറഞ്ഞ തത്വത്തെയാണു പ്രകാശിപ്പിച്ചിരിക്കുന്നത്. ഈ തത്വത്തെ നവീനന്മാർ അത്ര എളുപ്പം സമ്മതിക്കുമെന്നുതോന്നുന്നില്ല. പശ്വപക്ഷ്യാദികൾക്ക് ആത്മാവില്ലെന്നും അവയെക്കൊണ്ടു മനുഷ്യർ ഭക്ഷിക്കുന്നതിനു മാത്രമേ പ്രയോജനമുള്ളു എന്നും വിശ്വസിക്കുന്നവർ എത്രയോ ശതംശതം ശതാബ്ദങ്ങൾ കഴിഞ്ഞാൽ മാത്രമേ ഈവക മഹാതത്വങ്ങളെക്കുറിച്ചു വിചാരിക്കുവാൻ തുടങ്ങുകയുള്ളു! നദികൾ സമുദ്രത്തിന്റെ പത്നികൾ ആകുന്നു; സൂര്യൻ താമരയുടേയും ചന്ദ്രൻ ആമ്പലിന്റേയും ഭർത്താവാണ്; മേഘം വിദ്യുത്ത് എന്നിവയ്ക്കും ഇതുപോലെ ബന്ധം ഉണ്ട്; ഇത്യാദി സാധാരണങ്ങളായ നമ്മുടെ കവിസങ്കേതങ്ങളിലെല്ലാം മുൻപറഞ്ഞ തത്വങ്ങളുടെ മൂലചൈതന്യം പ്രസ്ഫുരിക്കുന്നതു വിചാരശീലന്മാർക്കു കാണുവാൻ കഴിയും.

ഇത്രയും പറഞ്ഞതിൽനിന്നും ചരാചരങ്ങളിൽ ഉള്ള ജഡധർമ്മങ്ങളെക്കടന്ന് 'പുരുഷ'ധർമ്മങ്ങളെ ദർശിക്കുന്നതാണ് ക്രാന്തദർശിത്വം എന്നും അതിനെത്തന്നെയാണ് പൂർവാചാര്യന്മാർ കവിത്വം എന്നു വ്യവഹരിക്കുന്നതെന്നും യഥാർത്ഥമായ തപസ്സാണ് അതിന്റെ ഉല്പത്തിസ്ഥാനം എന്നും ഉള്ള അതിഗംഭീരങ്ങളായ മഹാതത്വങ്ങൾ തെളിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. ഇപ്രകാരമുള്ള കവിത്വ

ഈശ്വരാനുഗ്രഹംകൊണ്ടു മാത്രമേ ലഭിക്കുകയുള്ളു. പുരാതനന്മാരായ ഭാരതീയമഹാകവികൾ എല്ലാവരുംതന്നെ വലിയ യോഗികളോ ഭക്തന്മാരോ തപസ്വികളോ ആയിരുന്നു എന്നുകൂടി നാം ഓർമ്മിക്കണം.

3115

പുരാതനാചാര്യന്മാർ ജീവിതത്തിനു പല അർത്ഥങ്ങളേയും അവയെ പ്രാപിക്കുന്നതിനു വിവിധമാർഗ്ഗങ്ങളേയും കല്പിച്ചിട്ടുണ്ട്. അവ ശ്രുതിനിർദ്ദിഷ്ടങ്ങളാകുന്നു. ആ പുരുഷാർത്ഥങ്ങളിൽ ചരമമായ മോക്ഷത്തിനാണു പരമസ്ഥാനം. തല്ലാഭമാർഗ്ഗങ്ങളിൽ ധർമ്മം, ഭക്തി, ജ്ഞാനം എന്നിവയ്ക്കു മാഹാത്മ്യംകൂടുന്നു. ലോകത്തിലെ ഏതു സമുദായക്കാൎക്കും ഔന്നത്യം ലഭിക്കണമെങ്കിൽ ഈ മൂന്നുഗുണങ്ങൾ ഉണ്ടായിരിക്കണം. ഇവയിൽ ഏതെങ്കിലും ഒരു ഉപായം സ്വാധീനമായാൽ അതുകൊണ്ടു പരമപദത്തെ പ്രാപിക്കാം. സമുദായത്തോട് ഈ ഗുണങ്ങളെ ബന്ധിക്കുന്നതിനു സാഹിത്യംകൊണ്ടേ സാധിക്കയുള്ളു. ധർമ്മം, ഭക്തി, ജ്ഞാനം എന്നിവയുടെ മാഹാത്മ്യത്തെ പ്രകാശിപ്പിക്കുന്നവയായി ഗംഭീരങ്ങളായ പല ശാസ്ത്രങ്ങളും ഉണ്ടു. അവ അതികർക്കശങ്ങളാകയാൽ സാധാരണക്കാൎക്കു രുചികരങ്ങളല്ല. എന്നാൽ സാഹിത്യമാർഗ്ഗം നിസർഗ്ഗരമണീയതകൊണ്ട് ആരേയും ആകർഷിക്കുന്നതാണ്. സാഹിത്യത്തിന് ഇതരശാസ്ത്രങ്ങളുമായുള്ള വ്യത്യാസത്തെ സരസകവിശിഖാമണിയായ നീലകണ്ഠദീക്ഷിതർ ഇപ്രകാരം തെളിയിച്ചിരിക്കുന്നു.

ബാല്യം വിദുഃ പ്രാകൃതഭാഷിതാനി
ശ്രുതിസ്മൃതീ വൃദ്ധദശാം വദന്തി

സാഹിത്യമേകം തു ഗിരാം സവിത്ര്യാ-
സ്താരുണ്യമുദ്ഗാഢമുശന്ത്യഭിജ്ഞാഃ.

മനുഷ്യൎക്കു ബാല്യം, യൌവ്വനം, വാൎദ്ധക്യം എന്നു മൂന്നു ദശകളാണല്ലൊ ഉള്ളതു്. ഇവയിൽ പ്രാകൃതമാകയാൽ ബാല്യം രസമല്ല- വാൎദ്ധക്യം ശുഷ്കമാണു്. അതിലും രസംകുറവുതന്നെ. വൃദ്ധൻ ആണെന്നു കേൾക്കുന്നതു വൃദ്ധന്മാൎക്കുകൂടി സങ്കടകരമാണു്. ആഹ്ലാദകരവും ആരോഗ്യജനകവും സൌന്ദൎയ്യാദിസൌഭാഗ്യങ്ങളാൽ ആകൎഷണീയവും ആയ ദശാവിശേഷം താരുണ്യംമാത്രമാണു്. ഇതുപോലെ വാഗ്ദേവിക്കും മൂന്നു് അവസ്ഥകൾ ഉണ്ടു്. അവയിൽ പ്രാകൃതം ബാല്യവും ശ്രുതിസ്മൃതികൾ വാൎദ്ധക്യവും ആകുന്നു. എന്നാൽ സരസ്വതീദേവിയുടെ സൎവ്വാഹ്ലാദജനകമായ താരുണ്യമോ? സാഹിത്യം ഒന്നുമാത്രമാണു്. ദീക്ഷിതരുടെ ഈ അഭിപ്രായത്തിന്റെ യാഥാൎത്ഥ്യം വാഗ്ദേവിയുടെ എല്ലാ ദശാന്തരങ്ങളിലുമുള്ള വ്യാപാരങ്ങളുമായി ഗാഢമായ പരിചയം സമ്പാദിച്ചു് അനുഭവാവന്നിട്ടുള്ള സഹൃദയന്മാർ തലകുലുക്കി സമ്മതിക്കുമെന്നതിനു സംശയമില്ല. പാമ്പിന്റെ തലയിൽ ഇരിക്കുന്ന രത്നം എത്രമാത്രം അനൎഘമാണെങ്കിലും അതിന്റെ കഥ വിചാരിക്കുവാൻതന്നെ ഭയമാണു്. എന്നാൽ ഹാരത്തിങ്കൽ സ്ഥിതിചെയ്യുന്ന മണിയോ? ആകൎഷം ഹൃദയംഗമം! ശാസ്ത്രങ്ങളിലും സാഹിത്യത്തിലും സ്ഥിതിചെയ്യുന്ന തത്വങ്ങളെ സംബന്ധിച്ചു സാധാരണ ജനങ്ങളുടെ നില ഇതാണു്. ഇപ്രകാരം ജനങ്ങൾ പ്രകൃത്യാ ഇഷ്ടപ്പെടുന്ന സാഹിത്യത്തിന്റെ മൂലചൈതന്യമായി മുൻപറഞ്ഞ ധൎമ്മഭക്തിജ്ഞാനങ്ങളെ സ്വീകരി

ച്ചതു് എത്രമാത്രം പ്രയോജനകരവും വൈഭവാവഹവും ആയിട്ടുണ്ടെന്നു പറഞ്ഞറിയിക്കാവതല്ല. മുൻപറഞ്ഞ ധമ്മം ഭക്തി ജ്ഞാനം എന്നിവയുടെ മാഹാത്മ്യത്തെ പ്രത്യേകമായും ഒരുമിച്ചും പ്രധാനമായി പ്രകാശിപ്പിക്കുന്നതാണു പൌരസ്ത്യരുടെ സാഹിത്യം. ഈ ഓരോശാഖയിലും എല്ലാത്തിലും ആയി ഋഷിപ്രണീതങ്ങളായി പല മഹാകൃതികളും ഉണ്ടു്. അവയിൽ രാമായണം, ഭാരതം, ഭാഗവതം, യോഗവാസിഷ്ഠം എന്നിവയ്ക്കു സവ്വോപരി മാഹാത്മ്യം കൂടുന്നു. പുരാണങ്ങൾ, ഉപപുരാണങ്ങൾ, ഇതിഹാസങ്ങൾ മുതലായവയെക്കൊണ്ടു സമുദ്രം എന്നപോലെ അപാരവും അഗാധവും രത്നാകരവും ആയ ഒരു സാഹിത്യസമ്പത്തു ഭാരതീയക്കു ലഭിച്ചിട്ടുണ്ടു്. അവയിലെ രത്നങ്ങൾക്കു കയ്യും കണക്കുമില്ല. ആ സാഹിത്യസമുദ്രത്തിലെ പ്രകാശംഏറിയ നാലു മഹാരത്നങ്ങളാണു വാല്മീകിരാമായണവും ഭാരതവും ഭാഗവതവും യോഗവാസിഷ്ഠവും. ഭാരതീയലോകത്തിന്റെ ജീവപരമാത്മാക്കളുടെ ചൈതന്യം ഈ മഹാഗ്രന്ഥങ്ങളുമായി എത്രമാത്രം അഭേദനീയമായവിധം ബദ്ധമായിരിക്കുന്നു എന്നു പറയാവുന്നതല്ല.

ഇവയിൽ രാമായണം ധമ്മത്തേയും ഭാഗവതം ഭക്തിയേയും വാസിഷ്ഠം ജ്ഞാനത്തേയും ഭാരതം സവ്വത്തേയും അധികരിക്കുന്നു. ഈ ഓരോ ഗുണങ്ങളേയും പ്രാധാന്യേന ഗണിച്ചുകൊണ്ടാണു ഈ മഹാഗ്രന്ഥങ്ങൾ രചിച്ചിരിക്കുന്നതു് എന്നു സാരം. അവയിൽ ഒന്നിൽതന്നെ മററുഗുണങ്ങളേയും പ്രതിപാദിക്കുന്നുണ്ടെങ്കിലും അവയുടെ പ്രകാശം കുറവാകുന്നു. ഭക്തി മുതലായ ഗുണങ്ങളെ രാമായണത്തിലും പ്രതിപാദിച്ചിട്ടുണ്ടു്. എന്നാൽ ധമ്മത്തിന്റെ മുമ്പിൽ

ഭക്തിക്കും ജ്ഞാനത്തിനും സ്ഥാനം താഴ്ന്നതാണ്. ഭാഗവതത്തിൽ എല്ലാധർമ്മങ്ങളേയും പ്രതിപാദിക്കുന്നുണ്ട്. എങ്കിലും ഭക്തിക്കാണു പ്രഥമസ്ഥാനം. വാസിഷ്ഠത്തിൽ സത്തിന്റേയും ചിത്തിന്റേയും ആനന്ദത്തിന്റേയും മുൻപിൽ ഭക്തിക്കൊ ധർമ്മത്തിന്നൊ വല്ല ലഘുവായസ്ഥാനവും ഉണ്ടെങ്കിൽതന്നെ അതുകൊണ്ടു പറയത്തക്ക ഫലമില്ല. ഭാരതം ലോകത്തിലെ ഏററവും വലിയ ഗ്രന്ഥമാണെന്നുള്ളതു സർവ്വസമ്മതമാകുന്നു. "ഭാരതം ഒരു ഗ്രന്ഥം അല്ല; അസംഖ്യം മഹാഗ്രന്ഥങ്ങളടങ്ങിയ ഒരു വലിയ ഗ്രന്ഥശാലയാകുന്നു എന്നു പണ്ഡിതന്മാർ പറയുന്നു. ഭാരതം അഞ്ചാമത്തെ വേദമാണ്. അതിൽ പറയാത്ത വിഷയം ഒന്നും തന്നെയില്ല. അതിൽ സകല ധർമ്മങ്ങളും പ്രതിപാദിച്ചിരിക്കുന്നു. ഭക്തിജ്ഞാനങ്ങൾക്കും ഭാരതത്തിൽ നല്ല സ്ഥാനങ്ങൾ തന്നെയുണ്ട്. രാമായണത്തിൽ ഇരുപത്തിനാലായിരവും ഭാഗവതത്തിൽ പതിനെണ്ണായിരവും വാസിഷ്ഠത്തിൽ മുപ്പത്തിരായിരവും ഭാരതത്തിൽ ഒരുലക്ഷത്തിരുപത്തിഅയ്യായിരവും ഗ്രന്ഥങ്ങൾ അടങ്ങിയിരിക്കുന്നു. ഈ ഗ്രന്ഥങ്ങളുടെ വലിപ്പം ഇതുകൊണ്ടുതന്നെ ഏകദേശം ഊഹിക്കാം. ഇവയെ ലോകത്തിലെ പ്രധാനഭാഷകളിൽ ഒക്കെ ഭാഷപ്പെടുത്തിയിരിക്കുന്നു. ഭാരതഖണ്ഡത്തിൽ ഈ മഹാഗ്രന്ഥങ്ങൾക്കു കൊട്ടാരത്തിലും കുടിലിലും ഒന്നുപോലെ പ്രവേശം ഉണ്ട്. ഭാരതീയക്ക് ഇവയെ വിട്ടു ജീവിക്കാൻ കഴികയില്ല. പിന്നീട് ഇവിടെയുണ്ടായിട്ടുള്ള സാഹിത്യങ്ങൾക്ക് എല്ലാം ആത്മതേജസ്സും രക്തപുഷ്ടിയും സൌന്ദര്യസമ്പത്തും പ്രദാനംചെയ്തിട്ടുള്ളവ ഈ മഹാസാഹിത്യമാകുന്നു.

ഈ പുരാതനസാഹിത്യത്തിനോടും തൽപ്രവൎത്തകന്മാരായ ആചാൎയ്യന്മാരോടും തൽസന്താനങ്ങൾക്ക് എത്രമാത്രം ഭയഭക്തിബഹുമാനങ്ങൾ ഉണ്ടെന്നു പറഞ്ഞറിയിക്കാവുന്നതല്ല. പിന്നീട് ഉണ്ടായിട്ടുള്ള കാവ്യകാരന്മാരിൽ ഏതാണ്ടൊരെ എല്ലാവരുംതന്നെ ഭഗവദ്വാല്മീകിവ്യാസന്മാരുടെ ഭക്തന്മാരായ ശിഷ്യന്മാരാകുന്നു. അവർ പല സന്ദൎഭങ്ങളിലും പൂൎവ്വഗുരുക്കന്മാരോടുള്ള ബഹുമാനത്തെ സരോമാഞ്ചം കണ്ഠതഃ പ്രസ്താവിച്ചിട്ടുണ്ട്. അവരിൽ ചിലരുടെ അഭിപ്രായങ്ങളെ താഴെ കാണിക്കാം.

'വ്യാസഗിരാം നിൎയ്യാസം
സാരം വിശ്വസ്യ ഭാരതം വന്ദേ.'

എന്നു ഗോവൎദ്ധനാചാൎയ്യർ ഭാരതത്തെക്കുറിച്ചു പറയുന്നു. ലോകത്തിൻെറ സാരമാണ് വ്യാസവാക്പ്രവാഹമായ ഭാരതം എന്നാണിതിൻെറ അൎത്ഥം. സകലവിധലോകധൎമ്മങ്ങളേയും പ്രകാശിപ്പിച്ചിരിക്കുന്നതിനാൽ ഭാരതത്തെസംബന്ധിച്ചുള്ള ഈ അഭിപ്രായം ഏററവും വാസ്തവമാകുന്നു. ഭാരതം ഇല്ലെങ്കിൽ നമ്മുടെ സാഹിത്യലോകം കഴമ്പില്ലാത്തതൊണ്ടുമാത്രമായി പരിണമിക്കുന്നതാണ്. ഈ ഗോവൎദ്ധനാചാൎയ്യർതന്നെ വാല്മീകിയെ ഇപ്രകാരം സ്തുതിക്കുന്നു.

വിഹിതാഘനാലങ്കാരം
വിചിത്രപൎണ്ണാവലീമയസ്ഫുരണാം
ശക്രായുധമിവ വക്രം
വല്മീകഭുവം കവിം വന്ദേ"

വാത്മീകി ഇന്ദ്രചാപംപോലെ വക്രതയുള്ളവനാണ്. ഇന്ദ്രധനുസ്സ് ഘനത്തിനു (മേഘത്തിനു) അലങ്കാരമാണല്ലോ. ഘന (ഗുരു)തരങ്ങളായ ഉപമാദ്യലംകാരങ്ങൾ വാത്മീകിക്കുമുണ്ട് എന്നർത്ഥം. വിചിത്രാങ്ഗം എന്നതിനു കവിയുടേയും ധനുസ്സിൻെറയും പക്ഷത്തിൽ ഉള്ള അർത്ഥം സ്പഷ്ടം വക്രത, അലങ്കാരം, വൈചിത്ര്യം എന്നിവ കാവ്യത്തിൻെറ ഉൽകൃഷ്ടഗുണങ്ങളാണെന്നും അവ വാത്മീകിസാഹിത്യത്തിനു സുലഭങ്ങളാണെന്നും കവി സ്വാഭിപ്രായത്തെ വ്യക്തമാക്കിയിരിക്കുന്നു.

വാത്മീകിമാദ്യം പ്രണമഃ കവിം തം
ജഗദ്ധിതായാതിപവിത്രഹൃദ്യാം
സരസ്വതീം യോ വിതതാന ദിവ്യാം
ഭഗീരഥസ്സിന്ധുമിവേഹ ലോകേ.

എന്നു കേരളീയനായ നാരായണകവി വാത്മീകിയെ പ്രശംസിച്ചിരിക്കുന്നതും അത്ഥഗർഭമാണ്. ഭഗീരഥൻ ആകാശത്തിൽനിന്നു ഗംഗയെ ഭൂമിയിൽ അവതരിപ്പിച്ചു. വാത്മീകി സ്വർഗ്ഗത്തിൽനിന്നു സരസ്വതിയെ ലോകത്തിലേക്കു വരുത്തി. ഇതുരണ്ടും ഒരുപോലെ എന്നാണ് നമ്മുടെ കവിയുടെപക്ഷം. ഗംഗാസ്നാനംഎന്നപോലെ വാത്മീകികാവ്യനിഷേവണം പാപഹരവും നിത്യമായ സ്വർഗ്ഗസുഖത്തെ പ്രദാനംചെയ്യുന്നതും ആണെന്നു കവി കാണിച്ചിരിക്കുന്നു. ഈ കവിതന്നെ വ്യാസനെക്കുറിച്ചു പറയുന്നതു ഇപ്രകാരമാണ്.

ജടാതടിദ്ദാമഭൃതം നമാമഃ
കൃഷ്ണം മഹാഭാരതവാരിമേഘം

സൽകേകിനോ യസ്യ നിശമ്യ ശബ്ദാൻ
മത്താഃ പ്രനൃത്യന്തി മഹാഗഭീരാൻ.

ജടാപടലമാകുന്ന മിന്നൽപിണരുകളോടുകൂടിയ കാളമേഘമാണ് വ്യാസൻ. ഈ മേഘത്തിൽനിന്നാണ്, മഹാഭാരതജലവർഷം ഉണ്ടായിട്ടുള്ളത്. ഈ കാളമേഘത്തിൻെറ ഗംഭീരഗർജ്ജനം കേട്ടുകൊണ്ട് സത്തുക്കളാകുന്ന മയൂരങ്ങൾ ഉന്മാദത്തോടുകൂടി നൃത്തംചെയ്യുന്നു മേഘം വർഷിക്കുന്ന ജലം ലോകത്തിൽ സകല ജീവികൾക്കും സർവ്വസസ്യങ്ങൾക്കും പോഷണത്തെ കൊടുക്കുന്നു. കാവ്യലോകത്തിനു മഹാഭാരതമാരിയും ഇതുപോലെതന്നെ. "വിശപഭാജാം ഹൃദയതിമിരമാലാസൂര്യചന്ദ്രൌ മുനീന്ദ്രൌ" എന്നാണ് ഈ കവിപിതാമഹന്മാരെക്കുറിച്ച് ചന്ദ്രോത്സവത്തിൽ പറഞ്ഞിരിക്കുന്നത്. ഇതും അർത്ഥവത്താകുന്നു. എന്തെന്നാൽ ഈ സൂര്യചന്ദ്രന്മാരില്ലെങ്കിൽ പൌരസ്ത്യലോകത്തിൽ ബാധിക്കുന്ന അന്ധകാരപര്യാകുലതയെ വിചാരിക്കുവാൻതന്നെ ഭയം തോന്നുന്നു.

വാത്മീകിരാമായണം ധർമത്തേയും ഭാഗവതം ഭക്തിയേയും വാസിഷ്ഠം ജ്ഞാനത്തേയും ഭാരതം സർവ്വത്തെയും അധികരിച്ച് നിർമ്മിച്ചിട്ടുള്ളവയാണെന്നു മുൻപു പറഞ്ഞുവല്ലൊ. ഈസംഗതിയെക്കുറിച്ച് അല്പംകൂടി വിശാലമായി വിചിന്തിക്കേണ്ടിയിരിക്കുന്നു.

ലോകത്തെ നിലനിർത്തുന്നതു ധർമ്മമാണ്. ധർമ്മം എന്നപേർതന്നെ ഈ അർത്ഥത്തെ വ്യക്തമാക്കുന്നു. ഈ ധർമ്മത്തിൻെറ മാഹാത്മ്യത്തേ ഒരു ഉത്തമമായ കാവ്യം കൊണ്ടു ആക്കും രുചികരമായവിധം ഭംഗിയായി വെളിപ്പെ

ടുത്തുന്നതു ലോകത്തിനു വലിയ അനുഗ്രഹമാകുന്നു. അതു കൊണ്ടു സർവ്വോത്തമനായ ഒരു പുരുഷൻെറ ചരിതത്തെആസ്പദമാക്കി കാവ്യം രചിക്കുന്നതു ആവശ്യമാണെന്നു കണ്ടു. ഈ വിധമാണ് രാമായണത്തിനും ധർമ്മത്തിനുംതമ്മിൽ ബന്ധം വന്നത്.

കോ നചസ്മിൻ സാമ്പ്രതം ലോകെ
ഗുണവാൻ കശ്ച വീര്യവാൻ
ധർമ്മജ്ഞശ്ച കൃതജ്ഞശ്ച
സത്യവാക്യോ ദൃഢവ്രതഃ

ഇത്യാദി നാരദനോടുള്ള വാത്മീകിയുടെ പ്രശ്നത്തിൽനിന്നുതന്നെ ഈ സംഗതി തെളിയുന്നു. ശ്രീരാമനേക്കാൾ വലിയ ഒരു ധർമ്മശീലൻ ഉണ്ടായിട്ടില്ല. ധർമ്മത്തിൻെറ മാഹാത്മ്യം കാണിക്കുകയാണ് ആവശ്യവും. അപ്പോൾ സർവ്വപ്രകാരേണയും രാമൻെറ ചരിതംതന്നെ സ്വീകരണീയമെന്നുവന്നുകൂടുന്നു- രഘുവിൻെറ വംശത്തിലാണ് ശ്രീരാമൻെറ ജനനം. രാമാവതാരത്തിനു ഉചിതമായ ഒരുവംശം രഘുവിൻെറതിനേക്കാൾ വേറെഇല്ല. രഘു ദാനധർമ്മപ്രതാപാദികളെക്കൊണ്ടു ഉജ്വലനും വംശപ്രതിഷ്ഠാപകനും ആകുന്നു. സൂര്യവംശമഹാരാജാക്കന്മാരിൽ വാത്മീകിക്കു രഘുവിനോടു പ്രത്യേകപക്ഷപാതം ഉണ്ടു്.

'ത്വയ്യേതൽ പുരുഷവ്യാഘ്ര!
യുക്തം രാഘവവംശജേ,

*   *   *   *

'ചചാര രമ്യം നയനാഞ്ജനപ്രഭം
വിചിത്രകൂടം രഘുവംശവർദ്ധനഃ'

ഇത്യാദി പല സന്ദർഭങ്ങളിലും ഉപയോഗിച്ചിരിക്കുന്ന രഘുപദത്തിൻെറ ഗൗരവം അസാധാരണമാണ്. വാത്മീകിരാമായണത്തിനു ആദ്യം കവിഇട്ടപേർ 'രഘുവരചരിതം' എന്നാകുന്നു. ഇതു് രഘുവിനോടുള്ള ബഹുമാനത്തേക്കൊണ്ടാണിക്കുന്നു. കാളിദാസൻ രഘുവിനെ സവിശേഷം ബഹുമാനിക്കാൻ പഠിച്ചതും സ്വകൃതകാവ്യത്തിനു രഘുശബ്ദത്തെ മുൻനിറുത്തി 'രഘുവംശം' എന്നുപേർകൊടുത്തതും വാത്മീകിക്കു രഘുവിനോടുള്ള പക്ഷപാതത്തെ മനസ്സിലാക്കിക്കൊണ്ടുതന്നെയാണ്. ശ്രീരാമൻ ധർമ്മത്തിൻെറ അവതാരം തന്നെയാകുന്നു.

"ലോകാനാം ത്വം പരോ ധർമ്മഃ"

"വിദ്ധി മാമൃഷിഭിസ്തുല്യം
കേവലം ധർമ്മമാസ്ഥിതം"

"യസ്മിൻ ന ചലതേ ധർമ്മോ
യോ ധർമ്മം നാതിവർത്തതേ."

എന്നുംമററും പല സന്ദർഭങ്ങളിലും ഭഗവാൻെറ ധർമ്മനിഷ്ഠാവൈഭവത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു.

സുഖാർത്ഥാസ്സർവ്വഭൂതാനാം
മതാഃ സർവ്വാഃ പ്രവൃത്തയഃ
സുഖം ച ന വിനാ ധർമ്മാ-
ത്തസ്മാൽ ധർമ്മപരോ ഭവേത്.

സുഖത്തിനാണ് എല്ലാജീവികളുടേയും പ്രവൃത്തി. സുഖംഎന്നാൽ ഐഹികവും പാരത്രികവും എന്നർത്ഥം. സുഖമോ ധർമ്മാനുഷ്ഠാനംകൂടാതെ കിട്ടുകയില്ല. ഇപ്രകാരം മൂലഭൂത

മായ ധർമ്മത്തെ സർവപ്രധാനമായി പ്രതിപാദിക്കുന്നു എന്ന ഏകനസംഗതി വാത്മീകിരാമായണത്തിനു പൌരസ്ത്യരുടെ ആത്മാവുമായി ഒരിക്കലും അഴിക്കുവാൻ പാടില്ലാത്ത ഒരു ഉറപ്പുകൂടിയ കെട്ടുപാട് ഉണ്ടാക്കിയിരിക്കുന്നു.

ഭക്തിയാണു ഭാഗവതത്തിൻെറജീവൻ. ഭാരതംമുഴുവൻ നിർമ്മിച്ചിട്ടും വ്യാസഭഗവാൻ കൃതകൃത്യനായിഭവിച്ചില്ല. ഭാരതത്തിൽ ഭക്തിയെക്കുറിച്ചു പ്രതിപാദിച്ചതുപോരാ. അതുകൊണ്ടു ഭക്തിയുടെ മാഹാത്മ്യത്തെ വിവരിക്കുന്നതായി ഒരു സാഹിത്യം വിരചിക്കണം എന്നു വിചാരിച്ചു. ഇപ്രകാരമാണു ഭാഗവതത്തിൻെറ ഉല്പത്തി. ഭഗവദവതാരങ്ങളിൽ കൃഷ്ണാവതാരത്തിനു പ്രാധാന്യം കൂടുന്നു. ഒന്നാമതു അതു പൂൎണ്ണമാണു്. രണ്ടാമതു ഭക്തന്മാൎക്കു ഇത്രമാത്രം അനുഗ്രഹകരമായ ഒരു അവതാരമില്ല. മഹാനായ യദുവിൻെറ കുലത്തിലാണു ശ്രീകൃഷ്ണൻെറ അവതാരം. 'യദോശ്ചധൎമ്മശീലസ്യ' എന്നു ദശമപ്രാരംഭത്തിൽനിന്നു യദുവിൻെറ യോഗ്യതയെ നിദർശനം ചെയ്തിരിക്കുന്നു. യദു അധികം ധൎമ്മശീലനായിരുന്നു. ശ്രീരാമൻ ധർമ്മത്തിൻെറ എന്നപോലെ ഭക്തവാത്സല്യത്തിൻെറ ഒരു മൂൎത്തിയാണു് ശ്രീകൃഷ്ണഭഗവാൻ. ധർമ്മത്തിനുവേണ്ടി എന്തുംചെയ്യുക, എന്തുതന്നെ ആപത്തുവന്നാലും ധർമ്മത്തെ ലംഘിക്കയില്ല. ഇതാണു ശ്രീരാമൻെറവ്രതം. ഇതിനും ശ്രീകൃഷ്ണൻേറതിനുമായി വ്യത്യാസം ഉണ്ടു്. ഭക്തന്മാരുടെ ശ്രേയസ്സിനു എന്തും പ്രവൎത്തിക്കാം, ഹിംസിക്കാം; അസത്യംപ്രവൎത്തിക്കാം; അധർമ്മത്തെ വരിക്കാം; അതൊക്കെ നിസ്സാരം. ഈശ്വരപ്രാപ്തിക്കുള്ള ഉൽകൃഷ്ടമായമാൎഗ്ഗം ഭക്തിയാകുന്നു. ഏതുതരത്തിൽ

ഉള്ളവക്കും ഈ മാർഗ്ഗം സുചരമാണ്. മൂഢന്മാക്കും ജ്ഞാനികൾക്കും ബാലന്മാക്കും വൃദ്ധന്മാക്കും സ്ത്രീകൾക്കും പുരുഷന്മാക്കും ആക്കും ഈ വഴിയെ സഞ്ചരിക്കാം. ഭഗവാനെ ഇന്നവിധം ഭജക്കണമെന്നില്ല. ശിഷ്യനായിട്ടോ ശത്രുവായോ ബന്ധുവായോ ഭത്താവായോ ജാരനായോ ഏതുവിധവും ആകാം. ഭക്തിമാത്രം ഉണ്ടെങ്കിൽമതി. അതു അഹങ്കാരരഹിതവുമായിരിക്കണം. ഈ വിധമുള്ള ഭക്തന്മാരെ രക്ഷിക്കുകയെന്നതു ശ്രീകൃഷ്ണനേക്കാൾ താല്പര്യത്തോടുകൂടി ചെയ്യുന്നദേവന്മാർ ചുരുക്കം. ശ്രീകൃഷ്ണാവതാരം ഭക്തിയുടെ മഹാത്മ്യത്തെ കാണിക്കുന്നതുതന്നെയാണെ എന്നുചുരുക്കിപ്പറയാം- ഭക്തിയുണ്ടെങ്കിൽ എത്ര നിസ്സാരനും ഭഗവാൻ വശംവദനാണ്; അല്ലെങ്കിൽ എത്ര വലിയ ജ്ഞാനിക്കും ദുഷ്പ്രാപനാകുന്നു. ഈ തത്വത്തെ വിശിഷ്ടനായ ലീലാശുകൻ സരസമായി കാണിച്ചിരിക്കുന്നു.

"ഗോപാലാജിരകർദ്ദമേ വിഹരസേ
വിപ്രാദ്ധ്വരേ ലജ്ജസേ
ബ്രൂഷേ ഗോധനഹുംകൃതൈഃ സ്തുതിശതൈർ
മൌനം വിധത്തേ വിദാം
ദാസ്യം ഗോകുലപുംശ്ചലിഷു കുരുഷേ-
സ്വാമ്യം ഗദാന്താത്മസു
ജ്ഞാതം കൃഷ്ണ! തവാംഘ്രിപങ്കജയുഗം
പ്രേമാചലം മഞ്ജുലം".

ഹേ! ഭഗവൻ! നിന്തിരുവടി സ്ഥിരമായ ഭക്തിക്കു മാത്രമേ സ്വാധിനനായി ഭവിക്കുന്നുള്ളു. ആട്ടുകളേയും പശു

ക്കളേയും മേയ്ക്കുന്ന ഇടയന്മാരുടെ മിററങ്ങളിലെ ചെളിയിലും പൊടിയിലും അങ്ങ് അത്യുത്സാഹത്തോടുകൂടി കിടന്നുരുളുന്നു. എന്നാൽ ബ്രാഹ്മണരുടെ യാഗശാലയിലേക്കു കടക്കുവാൻകൂടി അങ്ങേയ്ക്കു ലജ്ജയാണ്. പശുക്കൾ അവ്യക്തമായി വല്ലതും ശബ്ദിച്ചാൽ അതിന് അങ്ങ് ഉത്തരം പറയുന്നു. വിദ്വാന്മാർ എത്രതന്നെ സ്തുതിച്ചാലും മൌനിയായിരിക്കുന്നു. ഗോകുലത്തിലെ പുംശ്ചലികൾക്കു വെള്ളം കോരുക മുതലായ ഭൃത്യവൃത്തികൾ ചെയ്യാം. എന്നാൽ ജിതേന്ദ്രിയന്മാരായ യോഗികളുടെ നാഥനായിരിക്കുന്നതിന് അങ്ങേക്കു മനസ്സില്ല ഭഗവാന്റെ ഭക്തന്മാരോടുള്ള വാത്സല്യാധിക്യം ഇതിലധികം ഭംഗിയായി വിവരിക്കാൻ പ്രയാസം. യഥാർത്ഥമായ ഭക്തി ഉള്ളിടത്തു മററുള്ളവയെല്ലാം തനിയേ വന്നുകൊള്ളും.

ഭക്തിസ്ത്വയി സ്ഥിരതയാ ഭഗവൻ യദിസ്യാ-
ദ്ദൈവേന നഃ ഫലിതദിവ്യകിശോരവേഷേ
മുക്തിഃ സ്വയം മുകുളിതാഞ്ജലി സേവതേസ്മാൻ-
ധമ്മാർത്ഥകാമഗതയഃ സമയപ്രതീക്ഷാഃ

എന്നുള്ള ലീലാശുകന്റെ അഭിപ്രായം അനുഭവസിദ്ധമായ വാസ്തവമാകുന്നു.

"ഘടോ വാ മൃൽപിണ്ഡോപ്യണുരപി ച ധൂമോഗ്നിരചലഃ
പടോ വാ തന്തുർവാ പരിഹരതി കിം ഘോരശമനം-"

എന്ന ഭക്തിയുടെ മുൻപിൽ ഘടപടാവച്ഛേദകകുലാലചക്രാദിപദപാദകോലാഹലകലുഷിതങ്ങളായ ശാസ്ത്രങ്ങളുടെ

സ്ഥാനത്തെക്കുറിച്ചു ശങ്കരാചാര്യസ്വാമിയും ആക്ഷേപിച്ചിരിക്കുന്നു. ധർമ്മത്തിന്റെ രഹസ്യം അറിഞ്ഞു് ആചരിക്കുന്നതിനു വളരെ ക്ലേശങ്ങൾ ഉണ്ടു്. ധർമ്മാധർമ്മങ്ങളെ തിരിച്ചറിയുന്നതു ദുഷ്കരം. ധർമ്മം അധർമ്മത്തിന്റെയും അധർമ്മം ധർമ്മത്തിന്റെയും വേഷത്തിൽ കാണപ്പെടുക സാധാരണയാണു്. അപ്പോൾ സാമാന്യജനങ്ങൾ തന്നെയല്ല പലപ്പോഴും വിദ്വാന്മാർകൂടി അതിൽ ഭ്രമിച്ചുപോകുന്നു. ധർമ്മത്തിന്റെ പ്രമാണം ശ്രുതിയും സ്മൃതിയും ശിഷ്ടാചാരവും ആണു്. ഇവയിൽ ശ്രുതിയാണെങ്കിൽ അനന്തം; സ്മൃതികൾ ബഹുശാഖകളും പലപ്പോഴും വിഭിന്നകളും; ശിഷ്ടാചാരമാണെങ്കിൽ അതിനും ഐക്യമില്ല. ഇപ്രകാരം ധർമ്മതത്വഗ്രഹണം വളരെ ക്ലേശമേറിയ ഒന്നാണു്. "സൂക്ഷ്മാ ധർമ്മസ്യ വൈ ഗതി" എന്നു പറയുന്നതു വെറുതെയല്ല. ഋഷികളും ഭീഷ്മരെപ്പോലെയുള്ള തത്വജ്ഞാനികളുംകൂടി ധർമ്മനിരൂപണവിഷയത്തിൽ പലപ്പോഴും ക്ലേശം സഹിക്കേണ്ടതായി വന്നിട്ടുണ്ടു്. ജ്ഞാനമാണെങ്കിൽ അതു് എല്ലാവർക്കും പോകുവാനുള്ള നാട്ടുവഴിയല്ല. ആ വഴിയേപോകുവാൻ ചിലർക്കു മാത്രമേ സ്വാതന്ത്ര്യമുള്ളു. ത്യാഗം, ബ്രഹ്മചര്യം, യമനിയമപ്രാണായാമാദികൾ, അനശനം മുതലായവ സാധാരണക്കാർക്കു സാധിക്കുകയില്ല. അതിനാൽ അവർ ജ്ഞാനമാർഗ്ഗം വിചാരിക്കുകയേ വേണ്ടാ. ജ്ഞാനമാർഗ്ഗങ്ങൾക്കുള്ള ക്ലേശങ്ങൾ അല്പമെങ്കിലും മനസ്സിലായല്ലോ. ഈ ബുദ്ധിമുട്ടുകൾ ഒന്നുംതന്നെ ഭക്തിമാർഗ്ഗത്തിനില്ല. നിർമ്മലമായ ഈശ്വരധ്യാനം മാത്രമേ ഭക്തനു വേണ്ടതുള്ളു. അർജ്ജുനൻ ഭഗവാനെ സുഹൃത്തായും വസുദേവർ പുത്രനായും ഗോപസ്ത്രീകൾ ഭർത്താവായും കംസൻ ശത്രുവായും ഉ

9/15

ദ്ധവർ രാജാവായും ഭജിച്ചു. ഒടുവിൽ അവർ എല്ലാം മുക്തന്മാരായി. പ്രഹ്ളാദൻ, ഉദ്ധവർ, ധർമ്മപുത്രർ, നാരദൻ, രാധ മുതലായവരുടെയും പൂതന, കംസൻ, മല്ലൻ മുതലായവരുടെയും ഭക്തിയുടെ സൂക്ഷ്മവൃത്തി ഒന്നുതന്നെ. ഒരു ചരടു കറുത്തതോ ചുവന്നതോ വെളുത്തതോ ഏതു നിറമുള്ളതായാലും കൊള്ളാം. മണികൾ കോക്കുന്നതിനു അവയെല്ലാം ഉപയോഗപ്പെടുന്നു. ഇന്ന നിറമുള്ള ചരടിന്മേൽ മാത്രമേ മണി കോക്കാവൂ എന്നില്ല. പ്രഹ്ളാദാദികളുടെ ഭക്തിയാകുന്ന ചരടു, സാത്വികം, വെളുത്തനിറമുള്ളതും, കംസാദികളുടെ താമസം, കറുത്തനിറമുള്ളതും, രാധാദികളുടെ രാജസം, ചുമന്നനിറമുള്ളതും എന്ന വ്യത്യാസമേയുള്ളു. ഈശ്വരവിചാരമാകുന്ന മണി അവയിൽ എല്ലാം കോക്കാം ഇതാണു ഭക്തിശാസ്ത്രമായ മഹാഭാഗവതത്തിന്റെ പരമമായ രഹസ്യം. ഈ തത്വത്തിന്റെ വിസ്തൃതമായ മഹാഭാഷ്യമാണു ഭാഗവതം മുഴുവൻ. ഭക്തിയുടെ മഹാത്മ്യത്തെ ഇതിലധികം പ്രകാശിപ്പിച്ചു പഠിപ്പിക്കുന്ന ഒരു സാഹിത്യം വേറേയില്ല. വലിയ ജ്ഞാനിയും ഭക്തിയില്ലെങ്കിൽ മൂഢൻതന്നെ. ഏതു മൂഢനും ഭക്തനായാൽ ജ്ഞാനിയാകുന്നു. വലിയ ജ്ഞാനികൾകൂടി ഭക്തിയെ ആശ്രയിച്ചിട്ടു മാത്രമേ ഒടുവിൽ ഗതിയെ പ്രാപിച്ചിട്ടുള്ളു.

വാസിഷ്ഠം മഹത്തും ഗംഭീരവുമായ ജ്ഞാനശാസ്ത്രമാകുന്നു. ജ്ഞാനത്തെക്കുറിച്ചു ഇത്രമാത്രം സരസവും ഹൃദയംഗമവും അനുഭവസിദ്ധവും ആയി പ്രതിപാദിക്കുന്ന ഒരു സാഹിത്യം വേറെയുണ്ടോ എന്നു സംശയമാണ്. വസ്തുക്കൾ രണ്ടുവിധം; നിത്യം എന്നും, അനിത്യം എന്നും; ഇവ

യിൽ ഏതു നിത്യം? ഏതു അനിത്യം? എന്നുള്ള അറിവാണു യഥാൎത്ഥമായ ജ്ഞാനം. വസ്തുക്കളെക്കുറിച്ചു വിചാരണ ചെയ്തു നിത്യമായ വസ്തു ബ്രഹ്മം ഒന്നുമാത്രമേയുള്ളു എന്നും മററുള്ളവ എല്ലാം ക്ഷണഭംഗുരങ്ങളാണെന്നും സമൎത്ഥിക്കുകയാണു വാസിഷ്ഠം ചെയ്യുന്നതു്. ഇപ്രകാരം സമൎത്ഥിക്കുന്നതു എന്തിനാണു്? അനിത്യവസ്തുക്കളിലുള്ള രാഗത്തെ കളഞ്ഞു മനസ്സിനെ നിത്യമായ ബ്രഹ്മത്തിലേക്കു ആവേശിപ്പിക്കുന്നതിനു. ഈ സ്ഥിതിതന്നെ മോക്ഷം. ഇതുതന്നെ പരമമായ പുരുഷാൎത്ഥം

സൎവ്വത്ര പാഷാണമയാ മഹീധ്രാ
മൃദാ മഹീ ദാരുഭിരേവ വൃക്ഷാഃ
മാംസൈൎജ്ജനാഃ പൌരുഷബന്ധഭാവാ
നാപൂൎവ്വമസ്തീഹ വികാരശൂന്യം.

പൎവ്വതം കല്ലുകൊണ്ടും ഭൂമി മണ്ണുകൊണ്ടും വൃക്ഷങ്ങൾ ദാരുക്കളെക്കൊണ്ടും പൌരുഷം നടിക്കുന്ന ജനങ്ങൾ മാംസംകൊണ്ടും നിൎമ്മിക്കപ്പെട്ടിരിക്കുന്നു. ഇവയെല്ലാം വികാരത്തെ പ്രാപിക്കുന്നതെന്നു സാരം. പ്രതിക്ഷണം സംഭവിക്കുന്ന വികാരങ്ങളെക്കുറിച്ചു ഇപ്രകാരം വൎണ്ണിക്കുന്നു.

തമഃപങ്കസമാലബ്ധം ക്ഷണമാകാശമണ്ഡലം
ക്ഷണം കനകനിഷ്യന്ദകോമളാലോകസുന്ദരം.

ക്ഷണം ജലദനീലാബ്ജമാലാവലിതകോടരം
ക്ഷണമുദ്ദാമരരവം ക്ഷണം മൂഷകവൽസ്ഥിതം
ക്ഷണം താരാവിരചിതം ക്ഷണമൎക്കേന്ദുഭൂഷിതം
ക്ഷണമിന്ദുകൃതാഹ്ലാദം ക്ഷണം സൎവ്വബഹിഷ്കൃതം

ഇതിൽനിന്നും എല്ലാ വസ്തുക്കളും വികാരയുക്തങ്ങളും അസ്ഥിരങ്ങളും എന്നു കാണിച്ചിരിക്കുന്നു. സർവ്വസാധാരണമായ മരണത്തെക്കുറിച്ചു ഇപ്രകാരം പറയുന്നു.

മരണസ്യ മുനെ!രാജ്ഞോ
ജരാ ധവളചാമരാ
ആഗച്ഛ നോഗ്രേ നിയ്യാതി
സ്വാധിവ്യാധിപതാകിനീ.

മരണം ഒരു രാജാവാണു. മുൻപിലും പിൻപിലും രോഗങ്ങളാകുന്ന സൈന്യങ്ങളോടുകൂടിയാണു് ഈ രാജാവിന്റെ വരവു. ജരാനരകൾ ഈ രാജാവിന്റെ ചാമരങ്ങളാണ്. ഇതിൽനിന്നു ഒക്കെ മനസ്സിലാക്കേണ്ട തത്വം പ്രപഞ്ചത്തിന്റെ അസ്ഥിരതയാകുന്നു. പ്രപഞ്ചത്തിന്റെ ചപലതയെ മനസ്സിലാക്കിയാൽ മാത്രമേ നമുക്കു അതിനോടു രാഗം ഇല്ലാതിരിക്കു. ഇപ്രകാരമുള്ള വൈരാഗ്യമാകുന്നു ജ്ഞാനത്തിന്റെ ബീജം.

പ്രാപഞ്ചികന്മാരുടെ ജീവിതം ഒരു വിധത്തിലും സുഖപ്രദമല്ല. അതിൽ ആസക്തന്മാരായിരിക്കുന്നകാലം ദുഃഖത്തിനുമാത്രമേ അവകാശമുള്ളു. ഈ അഭിപ്രായത്തെ തത്വദർശിയായ നീലകണ്ഠദീക്ഷിതർ ഇപ്രകാരംവ്യക്തമാക്കിയിരിക്കുന്നു.

ആക്രാന്തമന്തരരിഭിർമദമത്സരാദ്യൈ-
ർഗ്ഗാത്രം വലീപലിതരോഗശതാവകീർണ്ണം
ദാരൈസ്സുതൈശ്ച ഗൃഹമാവൃതമുത്തമർണ്ണൈ-
മ്മാതഃ കഥം ഭവതു മേ മനസഃ പ്രസാദഃ?

മനസ്സ് ശരീരം ഗൃഹം ഇവമൂന്നും സ്വസ്ഥങ്ങളാകയാൽ അതുനിമിത്തം മനസ്സിൽ തെളിവും സുഖവും ഉണ്ടാകുന്നതാണ്. പ്രാപഞ്ചികന്മാരുടെ മനസ്സാണെങ്കിൽ കാമക്രോധമദമത്സരാദിയാൽ ആക്രമിക്കപ്പെട്ടത്. ശരീരമാണെങ്കിൽ ജ്വരപ്രമേഹാദിരോഗങ്ങളാൽ ബാധിതം. ഇപ്രകാരമാണെങ്കിലും ഗൃഹത്തിൽ സ്വസ്ഥമായിരിക്കാമെന്നു വിചാരിച്ചാൽ അതിനും നിവൃത്തിയില്ല. ദാരസുതാദികളായ കടക്കാർ അവിടെ എപ്പോഴും ഉപദ്രവിച്ചുകൊണ്ടിരിക്കും. പിന്നെ എങ്ങനെയാണു സുഖമുണ്ടാകുന്നതു. ലൌകികന്മാരുടെ സ്ഥിതി ഇതുതന്നെയാണ്. "കാരാഗാരപ്രതിമമധുനാ മന്ദിരം ദൃശ്യതേമേ" എന്നു ദീക്ഷിതർ ഗൃഹത്തെ കാരാഗൃഹസദൃശമായി ഒരു സന്ദർഭത്തിൽ പറഞ്ഞിരിക്കുന്നു. ഇപ്രകാരമുള്ള ബന്ധക്ലേശങ്ങളിൽനിന്നും ജ്ഞാനം ഉണ്ടായാൽ മാത്രമേ മോചനം ലഭിക്കയുള്ളു. ഈ ജ്ഞാനമാർഗ്ഗം ദുർഗ്ഗമമാണെങ്കിലും അതു അല്പവും ത്യാജ്യമല്ല ഏതു അവസ്ഥയിലും മാനസത്തിനു പരിശുദ്ധമായ സംസ്കാരം ജ്ഞാനംകൊണ്ടേ ലഭിക്കയുള്ളു. ശാന്തി, അഹങ്കാരക്ഷയം, സമഭാവന; സമാധാനം മുതലായ ഗുണങ്ങളെക്കൊണ്ടു അല്ലാതെ സംസ്കാരശുദ്ധി ആത്മാവിനു ലഭിക്കയില്ല. അവ ജ്ഞാനത്തിന്റെ സന്തതികളാണു. അഹങ്കാരം, കലഹം, പൌരുഷാരാധനം രാഗം, ക്രോധം, ലോഭം മുതലായവ നിലനിൽക്കുന്നിടത്തോളംകാലം ഒരു സമുദായത്തിനൊ രാജ്യത്തിനൊ അല്പവും ക്ഷേമം ഉണ്ടാകുന്നതല്ല. അവയെ ശരിയായവിധം ശമിപ്പിക്കേണ്ടതു ശ്രേയസ്സിദ്ധിക്കു ആവശ്യമാകുന്നു. അതിനു ഏകമാർഗ്ഗം ജ്ഞാനംതന്നെ. ഇതിനെ ബ്രഹ്മമെന്നു ശ്രുതി ഘോഷിക്കുന്നു. ഈ സർവ്വോൽകൃഷ്ടമായ തത്വത്തെ

സവിസ്തരം ഉപദേശിച്ചു പഠിപ്പിക്കുകയാണു വാസിഷ്ഠം ചെയ്യുന്നതു. പ്രായേണ ശുഷ്കവും കക്കശവും ആണു് വേദാന്തവിഷയം. അതിനെ ഏററവും സരസവും ഹൃദയംഗമവും ആയി പ്രതിപാദിച്ചിരിക്കുന്നു എന്ന സംഗതിയാൽ വാസിഷ്ഠത്തിൻെറ മാഹാത്മ്യം ഒന്നു വേറെതന്നെയാണു്. വാസിഷ്ഠം ഒരു പ്രൌഢമായ തത്വശാസ്ത്രവും അതേസമയത്തുതന്നെ സർവ്വാഹ്ലാദജനകവും അതിരമണീയവും ആയ ഒരു മഹാകാവ്യവും കൂടിയാകുന്നു. വാസിഷ്ഠത്തിലെ കവിതാ ശാന്തയും സർവ്വവിരക്തയും സിദ്ധയും ആയ ഒരു ഗംഭീരതപസ്വിനിയും, അതേസമയത്തുതന്നെ അതിസരസകലാവിലാസഭാസുരയും കാമുകജനഹൃദയോന്മാദജനകയും സർവ്വവിധാലങ്കാരസമ്പന്നയും അർത്ഥബഹുലയും ആയ ഒരു നാഗരീകാംഗനയും കൂടിയാണെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. തത്വജ്ഞാനം ആക്കും ഹിതമുള്ള ഒരു വിഷയമല്ല. അതു തിക്തകകഷായംപോലെ ഗണിക്കപ്പെടുന്നു. എന്നാൽ വാസിഷ്ഠം ആ കക്കശവിഷയത്തെ അതിമധുരമാക്കിയിരിക്കുന്നു. "മധുമയഫണിതീനാം മാർഗ്ഗദർശി"യായ ഒരു മഹഷിക്കല്ലാതെ വാസിഷ്ഠത്തിലെ കവിത മററാക്കും സ്വാധീനമാകുന്നതല്ല. ആദിത്യൻെറ ഊഷ്മളമായ കിരണപടലം, ചന്ദ്രമണ്ഡലത്തിൽകൂടി പ്രകാശിക്കുമ്പോൾ അതു സർവ്വഹൃദയത്തേയും ആകഷിക്കുന്ന ശശിരതാരുചിരയായ ചന്ദ്രികയായിബ് ഭവിക്കുന്നു. വേദാന്തശാസ്ത്രത്തിലെ നീരസജനകങ്ങളായ തത്വങ്ങൾ ഭഗവാൻ വാത്മീകിയുടെ ഹൃദയദപ്പണത്തിൽ പ്രതിഫലിച്ച സർവ്വഹൃദയഹാരിണിയായ കവിതയായി പ്രവഹിക്കുന്നതും ഇതുപോലെ തന്നെ. ആത്മീയമായി വിചാരിച്ചാൽ അത്യുന്നതമായ ഭാരതീയ ത

തത്വശാസ്ത്രത്തിന്റേയും അതുപോലെ പൌരസ്ത്യസാഹിത്യകലയുടേയും പരമോൽകൃഷ്ടമായ ആദർശമാണു വാസിഷ്ഠം. കവിതക്കൊ തത്വശാസ്ത്രത്തിനൊ അതിനെക്കടന്നു അപ്പുറത്തു ഉന്നതിക്കു സ്ഥാനമില്ല. ഇതിൽ കൂടുതൽ എന്തൊരു മാഹാത്മ്യമാണ് ഒരു കൃതിക്കു ലഭിക്കേണ്ടതു്?

ഭഗവദ് വ്യാസസാരസ്വതമഹാപ്രവാഹമായ ഭാരതം മുൻപു പറഞ്ഞതുപോലെ വാസ്തവത്തിൽ ഒരു കഴമ്പുതന്നെയാണ്. സകല വേദാൎത്ഥങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു.

"ഭാരതവ്യപദേശേന
ഹ്യാമ്നായാൎത്ഥശ്ച ദർശിതഃ"

എന്നു ഭാഗവതത്തിൽ പറഞ്ഞിരിക്കുന്നു. വേദാഭ്യാസത്തിനു അധികാരമില്ലാത്തവൎക്കു വേദധൎമ്മങ്ങൾ ഗ്രഹിക്കുന്നതിനാണ് ഭാരതം നിൎമ്മിച്ചതു്. എല്ലാ വേദങ്ങളിലും "ഭാ" തിശോഭിക്കുന്നതു; എല്ലാ ജീവികളിലും "ര"തിയോടുകൂടിയതു; സംസാരസമുദ്രത്തെ "ത"രണംചെയ്യിക്കുന്നതു; എന്നാണു "ഭാരത" പദാൎത്ഥം. ഭാരത, എവിടെ നോക്കിയാലും ഈ അൎത്ഥത്തിന്റെ ഗൌരവം മനസ്സിലാക്കാൻ കഴിയും. ഒരു സന്ദൎഭത്തിൽ ശിശുക്കൾക്കുകൂടി മനസ്സിലാകുന്ന സരസമായ ഇതിഹാസം; ഒരിടത്തു വലിയ പണ്ഡിതന്മാൎക്കു പോലും മനസ്സിലാകാത്ത തത്വജ്ഞാനം; ഒരിടത്തു സാംഖ്യം; ഒരിടത്തു ചരിത്രം; ഒരിടത്തു ഭൂമിശാസ്ത്രം; ഒരിടത്തു ഗൃഹസ്ഥധർമ്മം; ഒരിടത്തു വനസ്ഥധർമ്മം; ഒരിടത്തു രാജധർമ്മം; ഒരിടത്തു പ്രജാധർമ്മം; ഒരിടത്തു സ്ത്രീധർമ്മം ഒരിടത്തു പുരുഷധർമ്മം; ഇതാണ് ഭാരതത്തിന്റെ നില. ഭാര-

ത്തം ഒന്നു പഠിച്ചാൽ ഏറെക്കുറെ മററു പലതും പഠിച്ച ഫലംവരും. ഇതിലെ ഉപാഖ്യാനങ്ങൾ എല്ലാം ചെറിയ കഥകളുടെ നിലയിൽ സരസങ്ങളാണ്. അതുപോലെ ശ്രേഷ്ഠങ്ങളും വിവിധങ്ങളും ആയ ധർമ്മങ്ങളെ ഉപദേശിക്കുന്നു. ത്യാഗിക്കും ഭോഗിക്കും ധർമ്മശീലനും കർമ്മശീലനും ഭക്തനും യുക്തനും ജ്ഞാനിക്കും മൂഢനും ബദ്ധൻം മുക്തനും ഏതുവിധമുള്ളവനും ഒരുപോലെ ഉപയോഗകരവും സരസവും ആയ ഒരു സാഹിത്യം ഭാരതം മാത്രമാണ്. ഭാരതത്തിലെ ഒരംശമായ ഗീതയ്ക്കു ലോകത്തിലുള്ള സ്ഥാനം പ്രത്യേകം പറയേണ്ടതില്ലല്ലോ. വാസ്തവത്തിൽ ഗീത മഹാഭാരതത്തിൻെറ ഒരു കുറിപ്പു (സൂത്രം) മാത്രമാണ്. അല്ലെങ്കിൽ മഹാഭാരതം ഗീതയുടെ മഹാവിസ്തൃതമായ ഭാഷ്യമാകുന്നു. ഭാരതത്തിലെ സംഭവങ്ങളും പാത്രങ്ങളും എന്നും ലോകത്തിൽ ഉള്ളവതന്നെ. കർണ്ണന്മാരും ശകുനികളും ദുഷ്പ്രതാപകലിതന്മാരായ ദുര്യോധനന്മാരും എന്നും എവിടെയും ഉണ്ട്. മഹത്തായ കുടുംബകലഹമാണല്ലോ ഭാരതകഥയുടെ ബീജം. അതും ഇന്നു എവിടേയും സാധാരണമാണു. ഭാരതത്തിലെ പാത്രങ്ങൾ എല്ലാം സജീവങ്ങളാണ്. അവയ്ക്കു ഒരിക്കലും നാശമില്ല. അവ എന്നും നമ്മുടെ നിത്യവ്യവഹാരത്തിൽ ജീവിതത്തെ വഹിച്ചുപോരുന്നു. ഭാരതത്തിലെ പാത്രങ്ങൾക്കു ഈ വിശേഷം പ്രത്യേകിച്ചും ഉണ്ട്.

ലോകവ്യവഹാരതന്ത്രങ്ങളുടെ ഗുണാംശങ്ങളേയും ദോഷാംശങ്ങളേയും സമ്പൂർണ്ണമായി പഠിപ്പിക്കുന്നു എന്നതു ഭാരതത്തിൻെറ വിശേഷമാണ്. ചൂതുകളി, വ്യഭിചാരം, വഞ്ചനം, പരസ്വാപഹരണം, സ്വജനദ്രോഹം മുതലായ ദുർ

വ്യാപാരങ്ങൾ എത്രമാത്രം ആപൽക്കരങ്ങളും വർജ്ജ്യങ്ങളും ആകുന്നു എന്നു ഭാരതം പഠിപ്പിക്കുന്നു. ഭീഷ്മരെപ്പോലെയുള്ള തത്വജ്ഞാനി, ധർമ്മപുത്രരെപ്പോലെയുള്ള ധർമ്മനിരതനായ രാജാവു, കർണ്ണനെപ്പോലെയുള്ള ദാനശീലൻ, പാഞ്ചാലിയെപ്പോലെയുള്ള പതിവ്രത, ഭഗവാനെപ്പോലെയുള്ള തന്ത്രശാലി— ഇവ ഒരു സാഹിത്യകാരനു സാധിക്കാത്ത സൃഷ്ടികളാണ്. ഏതുവിധം പര്യാലോചിച്ചാലും ഭാരതത്തിന് സർവ്വസാഹിത്യങ്ങളിലും ഏറ്റവും ഉന്നതമായ സ്ഥാനത്തിനു അവകാശമുണ്ട്. ആ സ്ഥാനം ഒരിക്കലും പ്രചലിക്കുന്നതുമല്ല.

ഭാരതീയസാഹിത്യം അതിന്റെ ആഭ്യന്തരങ്ങളായ ആദർശങ്ങളായി സ്വീകരിച്ചിട്ടുള്ളമഹാതത്വങ്ങൾ ധർമ്മം,ഭക്തി, ജ്ഞാനംഎന്നിവയാണെന്നും സുകൃതലഭ്യമായ മനുഷ്യജീവിതത്തെ സഫലമാക്കുന്നതിന് ഇവയിൽ ഒന്നിന്റേയോ എല്ലാത്തിന്റേയുമോ സമ്പാദനം എത്രമാത്രം ആവശ്യമാണെന്നും അല്പമെങ്കിലും വ്യക്തമായിരിക്കുമെന്നു വിശ്വസിക്കുന്നു. പുരാതനസാഹിത്യനിഷേവണം ഒരു മനുഷ്യനെ ഏതെങ്കിലുംവിധം സംസ്കാരം ഉള്ളവനാക്കാതെയിരിക്കയില്ല. ഈശ്വരഭക്തി, ഗുരുഭക്തി, സഹോദരസ്നേഹം, സമഭാവന, ശാന്തി, വൈരാഗ്യം, ദാനശീലം, ബ്രാഹ്മണഭക്തി, നിഷ്കാമത മുതലായ മഹാഗുണങ്ങൾ ഈ സാഹിത്യത്തിന്റെ നിഷേവണംകൊണ്ടെന്നപോലെ മറെറാന്നുകൊണ്ടും അത്രമാത്രം ദൃഢതയോടും ശുദ്ധിയോടുംകൂടി ലഭിക്കുന്നതല്ല. യഥാർത്ഥമായ ജീവിതാദർശം ഇന്നതാണെന്ന് അറിഞ്ഞു്, അതിനെ അനുഷ്ഠിക്കുന്നതിനു ശക്തിമാന്മാരായി ജന്മസാ

ഫല്യംസമ്പാദിക്കണമെങ്കിൽ ഭാരതീയക്ക് അവരുടെ ആത്മാവുമായി അവിച്ഛേദ്യമായ ബന്ധം ഭവിച്ചിട്ടുള്ള പുരാതനസാഹിത്യത്തിൽ പ്രൗഢമായ അഭിമാനവും ഭക്തിയും അത്യാവശ്യമാകുന്നു. ഈ മനഃസ്ഥിതി ഉണ്ടാകുന്നതുവരെ ഒരാൾക്ക യഥാർത്ഥഭാരതീയനായി ജീവിക്കാവുന്നതല്ല. ഭാരതീയത്വം വിലയുള്ളതും അഭിമാനപ്രദവുമായി വിചാരിക്കുന്നിടത്തോളംകാലം അതിന്റെ ആദർശങ്ങളുടെ ദിവ്യമായ സൌരഭ്യത്തെ പ്രസരിപ്പിച്ചുകൊണ്ടു പ്രകാശിക്കുന്ന പുരാതനസാഹിത്യസമ്പത്തും സർവ്വപ്രകാരേണയും സമാരാധനീയമായി ഭവിക്കുന്നതാണ്. ഒരു ഭാരതീയനെ സംബന്ധിച്ചിടത്തോളം ഒരു സാഹിത്യത്തിനു് ഇതിൽ കൂടുതൽ വിലയും നിലയും കല്പിക്കപ്പെടേണ്ടതായിട്ടില്ല.

ശുഭം.

SRI KRISHNAVILASAM READING ROOM * MALAYINKEEL *

# സാഹിത്യവും പുരുഷാൎത്ഥവും.

SRI KRISHNAVILASAM READING ROOM * MAVELIKKARA *

BY

**AN ORIENTALIST.**

PUBLISHED BY

**J. S. SHENOI.**

*All rights reserved.*

Copies 1000.

**Sri Rama Vilas Press,**
**QUILON.**

Price 4 chs.

Indic Digital Archive Foundation
gpura.org